**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 545** **11-07-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദാംശം അറിയിക്കുമോ; | (എ) | കെ.ആർ.എഫ്.ബി. സ്മാർട്ട് സിറ്റി റോഡ് പ്രോജക്റ്റിന്റെ ഭാഗമായി നവീകരിക്കുന്ന 12 സ്മാർട്ട് റോഡുകളിൽ കലാഭവൻ മണി റോഡ് മാനവീയം വീഥി എന്നീ റോഡുകളുടെ പണി പൂർത്തിയായി. രണ്ടെണ്ണം ഒഴികെ മറ്റെല്ലാ റോഡുകളും ഗതാഗതത്തിന് തുറന്നു കൊടുത്തു. കൂടാതെ 25റോഡുകൾ BM & BC ടാറിംഗ്, ഫുട്പാത്ത്, ഓട എന്നിവ പൂർത്തിയാക്കി തുറന്നു കൊടുത്തിട്ടുണ്ട്. |
| (ബി) | ഇത്തരം റോഡുകളുടെ പ്രവൃത്തികൾ ആധുനികവും ശാസ്ത്രീയവുമാക്കാൻ എന്തെല്ലാം സാങ്കേതികവിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | സ്മാർട്ട് റോഡുകളിൽ റോഡിനടിയിലൂടെ ഡക്റ്റുകൾ നിർമ്മിച്ച് കെ.എസ്..ഇ.ബി ഇലക്ട്രിക് ലൈനുകൾ, BSNL തുടങ്ങിയ കേബിളുകൾ അതിലൂടെ കടത്തി വിടുന്നതിലൂടെ ഇലക്ട്രിക് പോസ്റ്റുകളും മറ്റും ഒഴിവാക്കാനാകും. വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പ് ലൈനുകൾ റോഡിന്റെ ഇരുവശത്തും ഓടയോട് ചേർന്ന് പുനസ്ഥാപിച്ച് അതിൽ നിന്നും കണക്ഷനുകൾ നൽകുന്നതിലൂടെ ഭാവിയിൽ റോഡ് മുറിച്ച് ടാർകട്ട് ചെയ്യുന്നത് ഒഴിവാക്കാനാകും. കൂടാതെ ഫുട്ട്പാത്ത്, സ്ട്രീറ്റ് ലൈറ്റ്, ഓടകൾ മുതലായ സജ്ജീകരണങ്ങൾ ഉൾപ്പെടുന്നു. തൈക്കാട് മുതൽ ആൽത്തറ വരെയുള്ള റോഡ് സൈക്കിൾ ട്രാക്ക് ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളോടുകൂടിയാണ് സ്മാർട്ട് റോഡായി പുനർ നിർമ്മിക്കുന്നത്.<br><br>മാനവീയം വീഥി സാംസ്കാരിക ഇടനാഴിയായാണ് വികസിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ